എമ്മാവൂസ്
വചനദൂത്
Vol. VIII Issue : 63



# ശ്ലീഹാക്കാലം മൂന്നാം ഞായർ

ലൂക്കാ 10:30 – 37

ബ്രദർ ജോബി തെക്കേടത്ത് MCBS

ഈശോമിശിഹായിൽ ഏറ്റം പ്രിയമുള്ളവരെ,

ശ്ലീഹാക്കാലം മൂന്നാം ഞായറായ ഇന്ന് തിരുസഭ നമ്മുടെ ധ്യാനത്തിനും വിചിന്തനത്തിനുമായി നൽകിയിരിക്കുന്നത് ലൂക്കായുടെ സുവിശേഷം 10–ാം അധ്യായം 30 മുതൽ 37 വരെയുള്ള തിരുവചനഭാഗങ്ങളാണ്. നല്ല സമരിയാക്കാരന്റെ ഉപമ പലപ്പോഴും നമ്മുടെ ധ്യാനത്തിനും വിചിന്തനത്തിനുമായി നാം ഏറ്റവും കൂടുതൽ ഉപയോഗിച്ചിട്ടുള്ള വചനഭാഗങ്ങളിലൊന്നാണ്. ഇത് വി.ലൂക്കാ സുവിശേഷകൻ മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. ഈ ഉപമയിലൂടെ ഏതാനും ചില ധ്യാന ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ.

ഒരു നിയമപണ്ഡിതന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരം കൊടുക്കുന്ന രീതിയിലാണ് സുവിശേഷകൻ ഈ ഉപമ അവതരിപ്പിക്കുന്നത്. കർത്താവിന്റെ നല്ല ഒരു ശ്രോതാവായിരുന്നു ആ നിയമജ്ഞൻ എന്ന് സുവിശേഷത്തിലൂടെ നമുക്ക് മനസ്സിലാക്കാം. ഏതാനും മാസങ്ങൾക്ക് മുൻപ് മനോരമ പത്രത്തിൽ വന്ന ഒരു സംഭവം ഈ നിമിഷം ഓർമ്മയിൽ തെളിഞ്ഞുവരുന്നു. ഹൈക്കോടതിയിലെ അറിയപ്പെടുന്ന ഒരു മുതിർന്ന അഭിഭാഷകയായിരുന്നു ആ സ്ത്രീ. പതിവുപോലെ രാവിലെ കോടതിയിൽ പോകാനായി വീട്ടിൽനിന്നിറങ്ങി കലൂർ നഗരത്തിലൂടെ നടന്നു വന്ന് പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന ഒരു കെട്ടിടത്തിന് സമീപമെത്തിയപ്പോൾ മുൻപിലതാ ഒരു ആൾക്കൂട്ടം. എല്ലാവരെയും പോലെ ആ

സ്ത്രീയും അങ്ങോട്ടു ചെന്നു. നോക്കുമ്പോഴതാ ഉയരത്തിൽനിന്ന് വീണ് ഒന്നനങ്ങാൻപോലും കഴിയാതെ ഒരു സാധു മനുഷ്യൻ രക്തം വാർന്ന് വേദനയാൽ പുളയുന്നു. കണ്ടുനിൽക്കുന്നവർ ഉച്ചത്തിൽ സംസാരിക്കുകയും മൊബൈൽ ഫോണുകളിൽ ഫോട്ടോ എടുക്കുകയും മറ്റും ചെയ്യുന്നു. ഉടനെതന്നെ ആ സ്ത്രീ ഒരു വാഹനം വിളിച്ച് മറ്റുള്ളവരുടെ സഹായത്താൽ ആശുപത്രിയിൽ എത്തിച്ചു. അല്പം കൂടി താമസിച്ചിരുന്നെങ്കിൽ ഒരു മരണം കൺമുമ്പിൽ അവർക്ക് കാണേണ്ടിവരുമായിരുന്നു.

ഈ സംഭവ കഥ ഇന്നിവിടെ പങ്കുവച്ചത് ഇന്നത്തെ സുവിശേഷത്തിന് ഒരാമുഖമായിട്ടായിരുന്നു. ചുറ്റുംകൂടിയിരുന്ന ജനങ്ങൾ പുരോഹിതന്റെയും ലേവായന്റെയും സ്ഥാനം അലങ്കരിച്ചപ്പോൾ, ചെയ്യേണ്ടത് ചെയ്തതു വഴി അഭിഭാഷകയായ ആ സ്ത്രീ ഇവിടെ നല്ല സമരിയാക്കാരന്റെ സ്ഥാനം അലങ്കരിക്കുന്നു. 'ശത്രുക്കളെ സ്നേഹിക്കുക, അയല്ക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കുക' എന്ന ക്രിസ്തുവചനത്തിന് ഒരു മാനുഷിക മുഖമാണ് ഈ സ്ത്രീയിലൂടെ ആ ജനമധ്യത്തിൽ വെളിപ്പെട്ടത്.

'ആരാണ് എന്റെ അയൽക്കാരൻ' എന്ന നിയമജ്ഞന്റെ ചോദ്യത്തിന് ഇന്നയാളാണ് നിന്റെ അയൽക്കാരൻ എന്ന് ഈശോ പറയുന്നില്ല. മറിച്ച്, ആ ചോദ്യത്തിനുള്ള ഉത്തരമാണ് ഈ ഉപമ. ചിലരെ സംബന്ധിച്ചടത്തോളം സ്വന്തം വീടിനടുത്തുള്ളവരും അല്ലെങ്കിൽ ഏറ്റവും പ്രിയപ്പെട്ടവരുമാണ് അയൽക്കാരൻ. ഒരു യഹൂദനെ സംബന്ധിച്ചിടത്തോളം യഹൂദൻ മാത്രമാണ് അവന്റെ അയൽക്കാരൻ അല്ലെങ്കിൽ സ്നേഹിതൻ. ഫരിസേയരുടെ കാര്യം എടുക്കുകയാണെങ്കിൽ ഫരിസേയർ അല്ലാത്തവരെയെല്ലാം ഒഴിവാക്കിയാണ് ഫരിസേയർ അയൽക്കാരനെ നിശ്ചയിച്ചിരുന്നത്. ഇവിടെ അയൽക്കാരൻ എന്ന പദത്തിന് പുതിയ അർത്ഥങ്ങൾ ഈശോ പഠിപ്പിക്കുന്നു.

ഉപമയിൽ ജറുസലേമിൽനിന്നും ജറീക്കോയിലേക്ക് പോകുകയായിരുന്ന യാത്രക്കാരനേയും അദ്ദേഹം അഭിമുഖീകരിച്ച കഷ്ടതകളെയും, വഴിയെ കടന്നുപോയ പുരോഹിതനേയും, ലേവായനെയും, സമരിയാക്കാരനേയും പരിചയപ്പെടുത്തിയശേഷം ഈശോ ശ്രോതാവിനോട് ഉന്നയിക്കുന്ന ചോദ്യമിപ്രകാരമാണ്. മർദ്ദിതന്റെ അടുത്തെത്തിയ മൂവരിൽ ആരാണ് അയൽക്കാരൻ. അഥവാ ആരാണ് സ്നേഹത്തിന്റെ ഉടമസ്ഥൻ.. എന്നാൽ കഥയുടെ മറുവശത്ത് നിയപണ്ഡിതൻ ചോദിച്ചത് ആരെയാണ് ഞാൻ സ്നേഹിതനാക്കേണ്ടതെന്നാണ്. ഇവിടെ നിയമപണ്ഡിതൻ തന്റെ തന്നേ ഉത്തരവാദിത്വത്തെപ്പറ്റി ചിന്തിച്ചു. എന്നാൽ ഈശോ പറഞ്ഞു "സഹിക്കുന്നവനെപ്പറ്റി ചിന്തിക്കുക, അവന്റെ സ്ഥാനത്തു നിന്നെക്കാണുക. അതിനുശേഷം അവനെ പരിഗണിക്കുക, അവന് നിന്നിൽനിന്ന് സഹായം ആവശ്യമുണ്ട്. അപ്പോൾ നിനക്കു മനസ്സിലാകും സ്നേഹത്തിന് അതിർവരമ്പുകളില്ലെന്ന് നിയമജ്ഞൻ നിയമത്തിന്റെ കാഴ്ചപ്പാടിലൂടെ സ്നേഹിതനെ നോക്കിക്കണ്ടു. എന്നാൽ ഈശോ പ്രായോഗിക ഉദാഹരണത്തിലൂടെ സത്യം വിശദീകരിച്ചു. നിയമജ്ഞന്റെ മറുപടി ശ്രദ്ധാർഹമാണ്. "അവനോട് കരുണ കാണിച്ചവൻ" എന്നതിലൂടെ വെറുപ്പുളവാക്കുന്ന "സമരിയാക്കാരൻ" എന്ന പദം തന്നെ നിയമജ്ഞൻ മനപൂർവ്വം ഉപേക്ഷിച്ചു.

തന്റെ സഹായം ആവശ്യമുള്ള ഏതൊരുവനും ഒരുവന്റെ അയൽക്കാരനാണ്, സ്നേഹിതനാണ്. സ്നേഹത്തിനു പരിധി നിർണ്ണയിക്കാൻ ആർക്കും സാധ്യമല്ല. അതുപോലെ ആരെയും സ്നേഹത്തിന്റെ പരിധിയിൽനിന്നു മാറ്റി നിർത്തുവാനും. ജീവിതത്തിന്റെ എല്ലാ നിമിഷവും വേണ്ടിവന്നാൽ സ്വന്തം ജീവൻപോലും പണയപ്പടുത്തി മറ്റുള്ളവരെ സഹായിക്കാൻ സ്നേഹത്തിന്റെ പ്രമാണം ആഹ്വാനം ചെയ്യുന്നു. ക്രിസ്തുനാഥൻ പഠിപ്പിച്ച ഈ സ്നേഹത്തിന്റെ പ്രമാണം കേവലം വൈകാരികമല്ല, മറിച്ച് പ്രവൃത്തിപരമാണ്. ചെയ്തികളിലൂടെയാണ് സ്നേഹം പ്രകടമാക്കുന്നതെന്ന് ഈശോ പഠിപ്പിച്ചു. ഈ സ്നേഹത്തിന് അതിർവരമ്പുകളില്ല. ആവശ്യക്കാരനാണ് സ്നേഹം. ആവശ്യക്കാരൻ സ്വജാതീയനോ, വിജാതീയനോ, ശത്രുവോ, മിത്രമോ എന്നു നോക്കേണ്ടതില്ല. സ്നേഹം ആവശ്യമുള്ളവന് സ്നേഹം പ്രദാനം ചെയ്യണം. പ്രത്യേകിച്ച് സമൂഹത്തിൽ ഭ്രഷ്ടനുഭവിക്കുന്നവർക്ക്. യേശുവിനെ അനുഗമിക്കുന്ന ഓരോ ക്രിസ്ത്യാനിയുടെയും കടമയാണത്.

അങ്ങനെയെങ്കിൽ യഥാർത്ഥ ക്രൈസ്തവ സ്നേഹത്തിന്റെ സാർവ്വത്രികതയും നിയമത്തിനപ്പുറം ഓരോരുത്തരുടെയും ജീവിതത്തിൽ എത്തിനിൽക്കേണ്ട ഉത്തരവാദിത്വവും നല്ല സമരായന്റെ ഉപമയിലൂടെ യേശുനാഥൻ നമ്മെ പഠിപ്പിക്കുന്നു. ചുരുക്കമായി പറഞ്ഞാൽ നാല് വ്യത്യസ്ത സവിശേഷതകളുടെ ഒത്തുചേരലാണ് ക്രൈസ്തവസ്നേഹം എന്ന് നല്ല സമരായന്റെ ഉപമയിലൂടെ നമ്മെ ചൂണ്ടിക്കാട്ടുന്നത്. ഒന്നാമതായി, ക്രൈസ്തവ സ്നേഹം സാർവ്വത്രികമാണ്. മിത്രമെന്നോ, ശത്രുവെന്നോ, സ്വജാതീയനെന്നോ, വിജാതീയനെന്നോ വ്യത്യാസമില്ലാതെ ആവശ്യത്തിലിരിക്കുന്നവനെ സഹായിക്കുകയാണ് ക്രൈസ്തവ സ്നേഹത്തിന്റെ ഒന്നാമത്തെ മാനം. രണ്ട്, ക്രൈസ്തവ സ്നേഹം നിയമത്തെ ഉല്ലംഘിക്കുന്നതാണ്. നിയമം ആവശ്യപ്പെടുന്നതിലും കൂടുതൽ ചെയ്യാൻ അത് മനുഷ്യനെ പ്രേരിപ്പിക്കുന്നു. നിയമത്തിനല്ല സ്നേഹത്തിനാണ് പ്രാധാന്യം എന്ന് വ്യക്തമാക്കുകയാണിവിടെ. മൂന്ന്, ക്രൈസ്തവ സ്നേഹം വെല്ലുവിളിയും അപകടങ്ങളും നിറഞ്ഞതാണ്. ആ സമരായക്കാരനെയും കവർച്ചക്കാർ ആക്രമിക്കുവാൻ സാധ്യത ഏറെയായിരുന്നു. അദ്ദേഹത്തിന്റെ സമയവും പണവും നഷ്ടമായി. എങ്കിലും തന്റെ സഹോദരന് നന്മ ചെയ്യുന്നിൽ മടികാട്ടിയില്ല. നാല്, ക്രൈസ്തവ സ്നേഹം ആവശ്യത്തിൽ കൂടുതൽ ചെയ്യുന്നതാണ്. സത്രത്തിൽ കൊണ്ടുചെന്നാക്കിയതു കൂടാതെ കൂടുതൽ പണവും സത്രം സൂക്ഷിപ്പുകാരനെ ഏല്പിച്ചു. അതിലും അവസാനിക്കുന്നില്ല അയാളുടെ സ്നേഹം. ഇതിൽ കൂടുതലായി എന്തെങ്കിലും ആയാൽ തിരിയെ വരുമ്പോൾ ഞാൻ തന്നുകൊള്ളാം എന്ന വാഗ്ദാനവും നൽകുമ്പോൾ ഒരിക്കലും അവസാനിക്കാത്ത സ്നേഹത്തിനുടമയായി മാറുന്നു.

ദിവ്യനാഥൻ ആഗ്രഹിക്കുന്നതുപോലെ മറ്റുള്ളവരെ സ്നേഹിക്കുവാനും സേവിക്കുവാനും നമുക്ക് പരിശ്രമിക്കാം. അങ്ങനെ പുണ്യപൂർണ്ണതയിൽ വളരുവാൻ വേണ്ട അനുഗ്രഹം ഈ ദിവ്യബലിയിൽ നമുക്ക് പ്രാർത്ഥിച്ചുകൊണ്ട് സ്നേഹത്തിന്റെ ഉടമ്പടിയായ ദിവ്യബലിയിൽ ഭക്തിപൂർവ്വം അർപ്പിക്കാം.

*ആമേൻ.*